# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2404** **11/10/2011 - ൽ മറുപടിക്ക്**

### പ്ലസ് ടു പഠനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ:കെ.കെ. ജയചന്ദ്രൻ : | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2008-2009 -ൽ പ്ലസ് ടു പഠനം പൂർത്തീകരിച്ചതും എന്നാൽ മൂന്നിൽ കൂടുതൽ വിഷയങ്ങൾ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള വിദ്യാഭ്യാസ നയം അനുസരിച്ച് ഒരു വർഷം മൂന്നു വിഷയങ്ങൾ മാത്രമേ എഴുതാവൂ എന്ന കാര്യം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; (ബി) നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഒരു വർഷം കൊണ്ട് തന്നെ എല്ലാ പരീക്ഷകളും എഴുതാൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അടിയന്തിര നിർദ്ദേശം നൽകുമോ; | (എ) & (ബി) | 2008-2009-ൽ പ്ലസ് ടു പഠനം പൂർത്തീകരിച്ചെങ്കിലും ഉപരിപഠനത്തിന് അർഹത നേടാത്ത വിദ്യാർത്ഥികൾക്ക് 2012 മാർച്ചിൽ നടക്കുന്ന ഹയർ സെക്കന്ററി പരീക്ഷയിൽ സ്കീം -II വിദ്യാർത്ഥികളായി അർഹത നേടാത്ത എല്ലാ വിഷയങ്ങളും എഴുതാവുന്നതാണ്. |
| (സി) ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (സി) | മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ സ്കീം -II (ഓരോ വിഷയത്തിനും 100 സ്കോർ വീതം ) വിഭാഗത്തിലാണ് പരീക്ഷയെഴുതേണ്ടത്. ഓരോ വിഷയത്തിനും യോഗ്യത നേടാൻ 30% സ്കോറും തിയറിക്കുമാത്രമായി 30% സ്കോറും (പ്രാക്ടിക്കൽ ഉള്ള |

(‥ 2)

വിഷയങ്ങൾക്ക് 18 സ്കോറും പ്രാക്ടിക്കൽ ഇല്ലാത്ത വിഷയങ്ങൾക്ക് 24 സ്കോറും) നേടിയിരിക്കണം. ബയോളജിയിൽ സുവോളജിക്കും ബോട്ടണിക്കും തിയറിയിൽ പ്രത്യേകം പ്രത്യേകം 30% സ്കോർ ( 9 സ്കോർ) വീതം നേടിയിരിക്കണം.

ഈ സ്കീമിൽ മുൻവർഷങ്ങളിൽ പ്രായോഗിക മൂല്യനിർണ്ണയത്തിന് വിധേയരായ വിദ്യാർത്ഥികൾക്ക് പ്രായോഗിക മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. അവർക്ക് നേരത്തെ നേടിയ നിരന്തര മൂല്യനിർണ്ണയ സ്കോറും പ്രായോഗിക മൂല്യനിർണ്ണയത്തിന്റെ സ്കോറും നിലനിൽക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ.